**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയ പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ "എറൈസ് മൾട്ടി ടാസ്ക്" ടീമുകളെ ഉൾപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം. 1742/**2019/തസ്വഭവ.** തീയതി, തിരുവനന്തപുരം, **12/08/2019.**

പരാമർശം :- 1) സ.ഉ.(സാധാ) നം. 1735/2019/ത.സ്വ.ഭ.വ. തീയതി 09/08/2019

2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.08.2019 ലെ 12089/ ഡി/കെ.എസ്. എച്ച്.ഒ/ 2018 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലം നാശനഷ്ടങ്ങൾ ഉണ്ടായ സാഹചര്യത്തിൽ പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ആവശ്യമെങ്കിൽ വീടുകൾ വാസയോഗ്യമാക്കുന്നതിലേക്ക് ഇലക്ട്രീഷ്യൻ/പ്ലംബർ എന്നിവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. കുടുംബശ്രീയിൽ 2018 ലെ പ്രളയത്തിനു ശേഷം രൂപീകരിച്ച ലൈവ് ലി ഹുഡ് ഡവലപ്പ്മെന്റ് പ്രോഗ്രാമായി "എറൈസ് (ARISE - Acquiring Resilience and Identity through Sustainable Employment) മൾട്ടി ടാസ്ക്" ടീം മുഖേന പ്ലംബിങ്ങ്, ഇലക്ട്രിക്കൽ, മെക്കാനിക്കൽ ജോലികളിൽ പരിശീലനം ലഭിച്ചവരുടെ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത മൾട്ടി ടാസ്ക് ടീമുകളെ പ്രളയത്തിൽ ഏറ്റവും അധികം നാശനഷ്ടം സംഭവിച്ച വീടുകളുടെ പ്ലംബിങ്ങ്, ഇലക്ട്രിക്കൽ, മെക്കാനിക്കൽ സംബന്ധമായ റിപ്പയർ ചെയ്യുന്നതിനും നാശനഷ്ടം സംഭവിച്ച മേഖലകൾ തിരഞ്ഞെടുത്ത് ആവശ്യമുള്ള സേവനങ്ങൾ ലഭ്യമാക്കുവാനും നിയോഗിക്കുന്നത് ഉചിതമായിരിക്കുമെന്നും പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകൾ വാസയോഗ്യമാക്കുന്നതിന് ആവശ്യമായ പ്ലംബിങ്ങ്, ഇലക്ട്രിക്കൽ എന്നിവയുമായി ബന്ധപ്പെട്ട റിപ്പയർ ജോലികൾ നിർവഹിക്കുന്നതിന് കുടുംബശ്രീയിൽ 2018 ലെ പ്രളയത്തിനു ശേഷം രൂപീകരിച്ച ലൈവ് ലി ഹുഡ് ഡവലപ്പ്മെന്റ് പ്രോഗ്രാമായി "എറൈസ് മൾട്ടി ടാസ്ക്" ടീമുകളെ പ്രയോജനപ്പെടുത്താവുന്നതാണെന്നും പ്രസ്തുത സംരഭത്തിന്റെ ഭാഗമായി പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക (പരമാവധി അമ്പതിനായിരം രൂപ) തനത് ഫണ്ടിൽ നിന്നോ തനത് ഫണ്ടിന്റെ അഭാവത്തിൽ പ്ലാൻ ഫണ്ടിൽ നിന്നോ ഒറ്റതവണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ എബ്രഹാം**

**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ തിരുവനന്തപുരം
ദുരന്തനിവാരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ